# സാമ്പത്തിക വളർച്ച വികസനത്തിൽ മുഖ്യമായി വരില്ല

പ്രൊഫ. ടി.പി. കുഞ്ഞിക്കണ്ണൻ

**1.** വികസനം സാമ്പത്തിക വളർച്ചയുടെ പര്യായപദമല്ല. സാമൂഹ്യനീതിയാണ് അതിന്റെ പ്രധാന പരിഗണനയായി വരേണ്ടത്. ഞാൻ വികസനത്തെ സാമൂഹ്യ വികസനമായാണ് കാണുന്നത്. ജനങ്ങളുടെ ജീവിതഗുണനിലവാരത്തിലുള്ള വർദ്ധനവാകണം അത്. വരുമാനം ഇത്രകൂടി എന്ന് പണത്തിന്റെ രൂപത്തിൽ പറയുന്നത് വികസനമാകില്ല. സാമ്പത്തിക വർദ്ധനവ് നീതിപൂർണ്ണമായി പുനർവിതരണം ചെയ്യുന്നതിനുള്ള ഒരു സംവിധാനം ഇവിടെ നിലനിൽക്കുന്നില്ല. തലമുറകൾ തമ്മിലും തലമുറകൾക്കിടയിലും വിഭവങ്ങൾ പങ്കുവയ്ക്കുന്നതിൽ നീതിയുണ്ടാകണം. അതിന്റെ തുടർനിൽപ്പിനാണ് സുസ്ഥിരത എന്ന് പറയുന്നത്. വിഭവങ്ങൾ പരിമിതമായതിനാൽ തന്നെ അത് എല്ലാവർക്കും ലഭ്യമാകുന്ന തരത്തിലുള്ള സാമൂഹ്യതീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള മുൻഗണനാ ക്രമം വളരെ പ്രധാനമാണ്. ആ തീരുമാനം സമൂഹത്തിന്റെ അടിത്തട്ടിൽ നിന്നാണ് വരേണ്ടത്. ഇത്രയും കാര്യങ്ങൾ പരിഗണിക്കുമ്പോൾ സാമ്പത്തിക വളർച്ച എന്നത് വികസനത്തിൽ മുഖ്യമായി വരില്ല.

**2.** ഇന്നത്തെ ലോകം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം വിഭവത്തിന്റെ അടിത്തറ തകരുന്നു എന്നതാണ്. അമിത വിഭവചൂഷണമാണ് അതിന് പ്രധാന കാരണം. പ്രത്യേകിച്ച് ഫോസിൽ ഇന്ധനങ്ങളുടെ തകർച്ച. എല്ലാ പ്രകൃതി വിഭവങ്ങളുടെയും ലഭ്യത കുറഞ്ഞുകൊണ്ടിരിക്കുകയാണ്. സാമൂഹികമായി നിർണ്ണയിക്കുന്ന മുൻഗണന പ്രധാനമാകുന്നത് അതുകൊണ്ടാണ്. ആവശ്യങ്ങളും ആഢംബരങ്ങളും നിർണ്ണയിക്കാൻ സാമൂഹികമായ സംവിധാനങ്ങൾ വേണ്ടതുണ്ട്. ഗാന്ധി വിഭവവിനിയോഗത്തെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ പ്രസക്തമാകുന്നത് അവിടെയാണ്. രണ്ടുതരം മാറ്റങ്ങൾ ലോകത്ത് ഇന്ന് സംഭവിക്കുന്നുണ്ട്. ഒന്ന് അസമത്വം വലിയരീതിയിൽ വർദ്ധിക്കുന്നു. ജനാധിപത്യം, മതേതരത്വം, മനുഷ്യാവകാശം തുടങ്ങിയ മൂല്യങ്ങൾക്ക് തകർച്ച നേരിടുന്നു. വിഭാവാടിത്തറ തകരുന്നതിന് സമാന്തരമായി സംഭവിക്കുന്നതാണ് ഈ രണ്ട് കാര്യങ്ങളും. അതുകൊണ്ടുതന്നെ അവശേഷിക്കുന്ന വിഭവങ്ങൾ വെട്ടിപ്പിടിക്കുന്നതിന് വേണ്ടി ഒരു മൂല്യവും നോക്കാത്തതരത്തിലുള്ള അരാജകമായ നീക്കങ്ങൾ ലോകത്തുണ്ടാകുന്നു. വിഭവങ്ങൾ കുറയുന്നതുകൊണ്ട് അതിന്റെ മുകളിൽ നിയന്ത്രണമേർപ്പെടുത്തുന്നതിനായി വലിയ തോതിലുള്ള കടന്നാക്രമണങ്ങൾ നടക്കുന്നു. ഇത് ലോകം നേരിടുന്ന വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്.

**3.** വികസനം ഒരു സാമൂഹിക പ്രക്രിയ ആകുമ്പോൾ മാത്രമേ അസമത്വവും ലിംഗനീതിയും പരിഗണിക്കപ്പെടുകയുള്ളൂ. വികസനം കമ്പോള പ്രക്രിയയാകുമ്പോൾ ഇത് രണ്ടും പരിഗണിക്കപ്പെടുകയില്ല. നവലിബറൽ കാലഘട്ടത്തിൽ വന്നിട്ടുള്ള പ്രധാനപ്പെട്ട മാറ്റം അവകാശങ്ങൾ എന്ന് പറയുന്നത് ആവശ്യങ്ങളായി മാറുന്നു എന്നതാണ്. കുടിവെള്ളം ഒരു അവകാശമാണ്, പക്ഷെ കമ്പോളത്തിലേക്ക് നീങ്ങുമ്പോൾ അത് ഒരു ആവശ്യമായി മാറുന്നു. ആവശ്യങ്ങൾ നിറവേറ്റാനുള്ള ഉത്തരവാദിത്തം സർക്കാരിനില്ല, കമ്പോളത്തിനാണ്. കമ്പോളത്തിൽ ക്രയശേഷിയുള്ളവർക്ക് മാത്രമേ ആവശ്യങ്ങൾ നിർവഹിക്കാൻ കഴിയൂ. നവലിബറൽ സമ്പദ്‌വ്യവസ്ഥ കൊണ്ടുവന്ന മാറ്റം ഇതാണ്. വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം എന്നീ അവകാശങ്ങളെല്ലാം ആവശ്യങ്ങളായി മാറി. ഇത് ആവശ്യങ്ങളായി മാറുന്നതോടെ ഇത് നടപ്പിലാക്കാനുള്ള ഉത്തരവാദിത്തത്തിൽ നിന്നും സർക്കാരിന് പിൻവാങ്ങാൻ കഴിയുന്നു. കമ്പോളമാണ് ആ കടമ പിന്നീട് നിർവഹിക്കുന്നത്. ജനാധിപത്യ മൂല്യങ്ങൾ തകരുന്ന ഒരു സാഹചര്യത്തിൽ ആവശ്യങ്ങളും ലിംഗനീതിയും ഒന്നും നിലനിർത്തപ്പെടില്ല.

**4.** പരമ്പരാഗത സാമ്പത്തികശാസ്ത്ര സിദ്ധാന്തങ്ങളിൽ നിന്നും വളരെ വ്യത്യസ്തമായ ചില കാര്യങ്ങൾ വികസനത്തിന്റെ കാര്യത്തിൽ സംഭവിച്ചതുകൊണ്ടാണ് കേരള വികസന മാതൃക എന്ന് അതിനെ വിളിക്കാൻ കാരണം. സാമ്പത്തിക ശാസ്ത്ര സിദ്ധാന്തങ്ങൾ അനുസരിച്ച് സാമ്പത്തിക വളർച്ച കൈവരിക്കാൻ കഴിഞ്ഞാൽ മാത്രമേ സാമൂഹ്യനീതി സാദ്ധ്യമാകൂ എന്നതാണ് അനുവർത്തിച്ചുവന്നിട്ടുള്ള നയം. കേരളത്തെ സംബന്ധിച്ച് സാമ്പത്തിക വളർച്ച കൈവരിക്കാതെ തന്നെ സാമൂഹ്യ വികാസം സാദ്ധ്യമായി. 1970കളിൽ സാമൂഹ്യ വികാസത്തിന്റെ സൂചകങ്ങളിൽ കേരളം മുന്നിൽ നിൽക്കുകയും സാമ്പത്തിക വളർച്ചയുടെ സൂചകങ്ങളിൽ പിന്നിൽ നിൽക്കുകയുമായിരുന്നു. 1976ൽ സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് നടത്തിയ Poverty Unemployment and Development Policy എന്ന പഠനത്തിന്റെ ഭാഗമായാണ് ഈയൊരു കണ്ടെത്തൽ നടത്തിയത്. ആ കണ്ടെത്തലുകളെയാണ് മാൽക്കം ആദിശേഷയ്യയെപ്പോലെയുള്ള വിദഗ്ധർ കേരള മോഡൽ എന്ന് വിളിച്ചത്. അമർത്യസെൻ വിലയിരുത്തിയത് കേരളത്തിൽ നടന്നിട്ടുള്ള ബഹുമുഖങ്ങളായ ഒട്ടേറെ സമരങ്ങളാണ് ഇത്തരത്തിലുള്ള ഒരു മാതൃക സാദ്ധ്യമായതിന് കാരണം എന്നാണ്. പബ്ലിക് ആക്ഷൻ എന്ന വാക്കാണ് അദ്ദേഹം ഉപയോഗിച്ചത്. അതുകൊണ്ടാണ് അത് മറ്റൊരു സ്ഥലത്ത് ആവർത്തിക്കാൻ കഴിയാത്തത്. സംഘടിതമായ മനുഷ്യശേഷിയിലൂടെ കേരളത്തിന് പലതും ചോദിച്ച് വാങ്ങാൻ കഴിഞ്ഞു. ഇന്ന് ആ സ്ഥിതി മാറിയിരിക്കുന്നു. ചേദിച്ചുവാങ്ങാനുള്ള ശേഷി കേരളീയർക്ക് കുറഞ്ഞുകൊണ്ടിരിക്കുന്നു. സംഘടിതമായ പ്രവർത്തനങ്ങൾ കുറഞ്ഞു. ഇതാണ് സ്ഥിതിയെങ്കിൽ കേരള വികസന മാതൃക അപകടകരമായ അവസ്ഥയിലേക്ക് നീങ്ങും.

**5.** വരേണ്യവികസന സങ്കൽപ്പം ലോകത്ത് രണ്ട് തരത്തിലുള്ള പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ഒന്ന് നവലിബറലിസം തന്നെ സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്നുണ്ട്. മറ്റൊന്ന്, പാരിസ്ഥിതിക പ്രശ്നങ്ങൾ കാലാവസ്ഥാ വ്യതി

യാനം പോലെയുള്ള പ്രതിസന്ധികളിലേക്ക് വളരുന്നു. മുതലാളിത്തത്തെ സംബന്ധിച്ച് ലാഭം വർദ്ധിപ്പിച്ചു മാത്രമേ മുന്നോട്ടുപോകാൻ കഴിയൂ. ലാഭം വർദ്ധിപ്പിക്കുന്നതിനൊപ്പം ഈ രണ്ട് പ്രതിസന്ധികൾ നേരിടുകയും വേണം. വരേണ്യവികസന സങ്കൽപ്പം ഈ പ്രതിസന്ധികളെ അഭിമുഖീകരിക്കുമ്പോഴും ജനങ്ങളുടെ അവകാശങ്ങളെ നിഷ്കാസനം ചെയ്തുകൊണ്ട് അതിനെ സംരക്ഷിക്കുന്നതിനുള്ള ശ്രമമാണ് ലോകം മുഴുവൻ ഭരണകൂടങ്ങൾ നടത്തുന്നത്. നവലിബറൽ സമ്പദ്‌വ്യവസ്ഥയ്ക്കൊപ്പം തന്നെ ഒരു നിയോഫാസിസ്റ്റ് ഭരണവ്യവസ്ഥയും ശക്തിപ്പെടുന്നു. ഭരണഘടനാവിരുദ്ധമായ നീക്കങ്ങൾക്ക് ഔദ്യോഗികമായ പിന്തുണ ലഭിക്കുന്നു. നവസാമൂഹ്യ പ്രസ്ഥാനങ്ങളും തൊഴിലാളി സംഘടനകളുമെല്ലാം ഇക്കാര്യങ്ങൾ മനസ്സിലാക്കി മുന്നോട്ടുപോകണം. ചെറിയരൂപത്തിൽ സമരങ്ങൾ നടത്തുന്നവർ വലിയ കാര്യങ്ങളെ കാണേണ്ടതുണ്ട്. വലിയ രാഷ്ട്രീയ പാർട്ടികളെ ചെറിയ സമരങ്ങളെ പുച്ഛിച്ച് തള്ളുന്നതിന് പകരം അതിന്റെ രാഷ്ട്രീയത്തെ ഉൾക്കൊള്ളാൻ ശ്രമിക്കുകയും വേണം. ഇവർ പരസ്പരം കണ്ണി ചേരാൻ ശ്രമിച്ചില്ലെങ്കിൽ നവലിബറൽ-നവഫാസിസ്റ്റ് ശക്തികൾ സൃഷ്ടിക്കുന്ന യുദ്ധത്തെ നേരിടാൻ കഴിയാതെ വരും.

**(സാമ്പത്തിക വിദഗ്ധൻ, അദ്ധ്യാപകൻ)**

# പുറന്തള്ളലല്ല, ഉൾക്കൊള്ളലാണ് വികസനത്തിന്റെ ധർമ്മം

കെ.പി. ശശി

**1.** എൺപതുകളുടെ അവസാനത്തിൽ നർമ്മദ പ്രക്ഷോഭത്തോടനുബന്ധിച്ച് നടന്ന ഹർസൂദ് റാലി ദേശീയതലത്തിൽ പരിസ്ഥിതി സംവാദങ്ങൾക്ക് പുതിയ ഒരു ദിശ നൽകി. വലിയ രീതിയിലുള്ള ഈ ദേശീയ പ്രക്ഷോഭം നശീകരണാത്മക വികസനത്തിനെതിരായ രാജ്യത്തെ വിവിധ ഇടങ്ങളിലുള്ള ജനങ്ങളുടെ ശബ്ദമായാണ് കണക്കാക്കപ്പെട്ടത്. സ്വാഭാവികമായും അന്ന് ഉയർന്നുവന്നത് ഞങ്ങൾക്ക് വേണ്ടത് വികസനമാണ്, നശീകരണമല്ല എന്ന മുദ്രാവാക്യമായിരുന്നു. ഈ മുദ്രാവാക്യം രാജ്യത്തെങ്ങുമുള്ള പല മുന്നേറ്റങ്ങൾക്കും പ്രചോദനമായി മാറി. ഇതോടൊപ്പം 'വികസനം ആർക്കുവേണ്ടി, ആരുടെ ചിലവിൽ' എന്ന ചോദ്യവും ദേശീയതലത്തിൽ ഉയർന്നുവന്നു. വിഷയത്തിന്റെ മർമ്മത്തിൽ തൊടുന്നതായിരുന്നു ഈ ചോദ്യം. ഇത് വളരെ വിശദമായി ചർച്ച ചെയ്യേണ്ടതാണെങ്കിലും ചുരുങ്ങിയ വാക്കുകളിൽ പ്രതിഫലിപ്പിക്കാൻ ശ്രമിക്കാം.

1. വികസനത്തെ സാമ്പത്തികമായി മാത്രം അളക്കാൻ കഴിയില്ല. പൊതുവിൽ ജി.ഡി.പിയാണ് വികസനത്തിന്റെ ഉപാധിയായി കണക്കാക്കാറുള്ളത്. ജി.ഡി.പിയ്ക്ക് നിരവധി ന്യൂനതകൾ ഉണ്ട്. മാത്രമല്ല അത് വിവേചനപരം കൂടിയാണ്. സാമ്പത്തികമായിപോലും ഈ സൂചിക ആർക്കാണ് നേട്ടം, ആർക്കാണ് നഷ്ടം എന്ന ചോദ്യത്തെ അഭിമുഖീകരിക്കുന്നില്ല. ഉദാഹരണമായി, അമ്പതിനായിരം ആളുകളുടെ ഉപജീവനോപാധികൾ നഷ്ടപ്പെടുത്തി രണ്ടായിരം പേർക്ക് തൊഴിൽ നൽകുന്ന വിഴിഞ്ഞം പദ്ധതിയെ ഇവർ വികസനം എന്ന് വിശേഷിപ്പിച്ചേക്കാം.

2. പരിസ്ഥിതി, സംസ്കാരം, സാമൂഹിക ചിലവുകൾ, ജീവിതത്തിന്റെ മറ്റ് ഘടകങ്ങൾ എന്നിവ ഇപ്പോഴും വികസനത്തിന്റെ ഭാഗമായി പരിഗണിക്കുന്നില്ല.

3 നേർരേഖാ വികസന സങ്കൽപങ്ങൾ ചോദ്യം ചെയ്യപ്പെടണം. വികസനം തിരശ്ചീനമായി മാത്രമേ സാധ്യമാകൂ.

4. വൻകിട വികസന പദ്ധതികൾക്ക് അവയുടേതായ പരിമിതികൾ ഉണ്ട്. വികസിത രാജ്യങ്ങളിൽ പോലും ത്രീമൈൽ ഐലന്റ്, ചെർണോബിൽ, ഫുക്കുഷിമ എന്നീ ദുരന്തങ്ങൾ നേരിടുന്നതിൽ ദയനീയമായി പരാജയമുണ്ടായത്. ഇത്തരം ദുരന്തങ്ങളുണ്ടായ വികസിത രാജ്യങ്ങളുടെ ശേഷിയുടെ ചെറിയ ഒരംശം പോലും ഇന്ത്യക്കില്ല. എന്നാൽ അവർ നടപ്പിലാക്കുന്നതിന് സമാനമായ വൻകിട പദ്ധതികളാണ് ഇവിടെ നടപ്പാക്കുന്നത്. വികസിത രാജ്യങ്ങൾ പോലും ആണവോർജ്ജം പരാജയമാണെന്ന് മനസ്സിലാക്കുമ്പോഴും നമ്മുടെ സർക്കാർ ഇപ്പോഴും 'വികസനം' എന്ന് വിശേഷിപ്പിച്ച് അവയുമായി മുന്നോട്ടുപോവുകയാണ്.

5. വികസനം പുറംതള്ളലിന്റേതല്ല, ഉൾക്കൊള്ളലിന്റേതാകണം. അധികാര കേന്ദ്രത്തിൽ നിന്നും വരുന്ന വൻകിട വികസന പദ്ധതികൾക്ക് ഒരിക്കലും ഉൾക്കൊള്ളലിന്റേത് ആകാൻ കഴിയില്ല. വികസന സങ്കല്പങ്ങളിൽ അടിയന്തരമായി വികേന്ദ്രീകരണം നടപ്പാക്കേണ്ടതുണ്ട്.

6. വികസനത്തിന്റെ പ്രചോദനം ശരിക്കും ഏതാനും പേർക്ക് ലഭിക്കുന്ന ലാഭം ആയിരിക്കരുത്. നിർഭാഗ്യവശാൽ ഇത്തരത്തിലാണ് നമ്മുടെ വികസന മാതൃകകൾ.

7. മനുഷ്യജീവിന് ആദരവ് നൽകാത്ത ഒരു വികസനത്തെയും വികസനം എന്നു വിളിക്കാൻ കഴിയില്ല. ഇന്ത്യയിൽ ഇന്നത്തെ സാഹചര്യത്തിൽ മറ്റു പല കാരണങ്ങൾകൊണ്ടും ജീവന് യാതൊരു വിലയുമില്ലാതായിക്കൊണ്ടിരിക്കുകയാണ്.

8. നിലവിലെ വികസന മാതൃകകളിൽ മുന്നോട്ട് പോകുന്നതിനുമുമ്പ് ഇതുവരെ നാം സൃഷ്ടിച്ച വികസന അഭയാർത്ഥികളുടെ പ്രശ്നങ്ങൾ അഭിമുഖീകരിക്കണം.

9. വികസനം ഒരിക്കലും വിഭവങ്ങൾ ബലമായി പിടിച്ചെടുത്തുകൊണ്ട് ആയിരിക്കരുത്.

10. സുസ്ഥിരമല്ലാത്ത വികസനത്തെ വികസനമെന്ന് വിളിക്കാൻ കഴിയില്ല.

ഒരു വികസന പദ്ധതി നടപ്പിലാക്കുമ്പോൾ പരിസ്ഥിതി- സാമൂഹിക നഷ്ടങ്ങൾ സാമ്പത്തികമായി അളന്ന് വികസനപദ്ധതിയുടെ ചിലവിൽ ചേർക്കണമെന്ന് സാമ്പത്തിക താൽപര്യങ്ങളും പരിസ്ഥിതി താൽപര്യങ്ങളും കൂട്ടിമുട്ടിക്കാൻ വേണ്ടി ചിലർ പറയാറുണ്ട്. എന്നാൽ ഇതിന് അതിൽതന്നെ അന്തർലീനമായ ചില പരിമിതികളുണ്ട്. തീർച്ചയായും അതിനെ ഒരു ഏകദേശ കണക്കായി എടുക്കാവുന്നതാണ്. പക്ഷെ നിങ്ങൾക്ക് പാരിസ്ഥിതിയേയും സംസ്കാരത്തേയും യഥാർത്ഥത്തിൽ സാമ്പത്തികമായി അളക്കാൻ കഴിയുമോ? സാധ്യമാണ് എന്ന് ആരെങ്കിലും പറയുകയാണെങ്കിൽ അവരോട് ഞാൻ ഭൂമിയുടെ സാമ്പ